T2/28662/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 31.08.2021

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസെബിലിറ്റീസ് - 2021 - 22 അധ്യയന വർഷത്തിൽ സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസിൽ നിന്നും ലഭിച്ച 19 / 08 / 2021 ലെ ഇ - മെയിൽ

*********

കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള സ്കോളർഷിപ്പ് പദ്ധതിയായ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ
സ്റ്റുഡന്റ്സ് വിത്ത് ഡിസെബിലിറ്റീസിന്റെ 2021-2022 അധ്യയന വർഷത്തെ വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക്
ഫ്രഷ് / റിന്യൂവൽ രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഓപ്പൺ ചെയ്തിട്ടുള്ളതായി അറിയിക്കുന്നു. സ്കോളർഷിപ്പ്
സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന
ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി
www.scholarships.gov.in എന്ന വെബ്സൈറ്റിലെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്ന വെബ്പേജ്
മുഖാന്തിരം 2021 നവംബർ 30 വരെ ഓൺലൈനായി സ്കോളർഷിപ്പിന്റെ ഫ്രഷ്, റിന്യൂവൽ അപേക്ഷകൾ
സമർപ്പിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകളുടെ ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലുള്ള ഓൺലൈൻ വെരിഫിക്കേഷൻ
2021 ഡിസംബർ 15 ന് മുൻപായി പൂർത്തിയാക്കേണ്ടതാണ്. വിദ്യാർത്ഥികളും
സ്ഥാപനമേധാവികളും www.scholarships.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ
ശ്രദ്ധാപൂർവ്വം വായിക്കേണ്ടതും ആവശ്യമായ ലോഗിൻ ഓപ്ഷനുകൾ ഉപയോഗിക്കേണ്ടതുമാണ്.
സ്കോളർഷിപ്പിനായി മാനുവൽ/ഓഫ്‌ലൈൻ അപേക്ഷകൾ പരിഗണിക്കുന്നതല്ല.സ്കോളർഷിപ്പിന്
അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് 40%ൽ കുറയാതെ ഡിസെബിലിറ്റിയുണ്ടെന്നു തെളിയിക്കുന്ന മെഡിക്കൽ
ബോർഡ്/അതോറിറ്റിയുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതും കുടുംബ വാർഷിക വരുമാനം പരമാവധി
2,50,000 / - രൂപയിൽ (ആകെ രണ്ടര ലക്ഷം രൂപ ) കവിയുകയും ചെയ്യരുത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസെബിലിറ്റീസിന്റെ കൂടുതൽ അപ്ഡേറ്റുകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിലെ സ്കോളർഷിപ്പ് ലിങ്കിലെ നോട്ടിഫിക്കേഷൻസിൽ
പ്രസിദ്ധീകരിക്കുന്നതാണ്.കേന്ദ്രസർക്കാരിൽ നിന്നുള്ള സ്കോളർഷിപ്പിന്റെ ഗൈഡ് ലൈൻസും
വിശദവിവരങ്ങളും www.scholarships.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ് .

**<u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസെബിലിറ്റീസിന്റെ പൊതുവായ നിർദേശങ്ങൾ</u>**

1) അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ മതം ബാധകമല്ല .

2) വിദ്യാർത്ഥികൾ സ്കോളർഷിപ്പിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച ശേഷം അപേക്ഷയുടെ
ഹാർഡ് കോപ്പിയും അനുബന്ധ രേഖകളും വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ ഓൺലൈൻ
വെരിഫിക്കേഷൻ ചെയ്യുന്നതിനായി നിശ്ചിത സമയപരിധിക്കുള്ളിൽ നൽകേണ്ടതാണ്. അപേക്ഷയിൽ
നൽകിയിരിക്കുന്ന മൊബൈൽ നമ്പറിലേക്ക കേന്ദ്ര സർക്കാരിൽ നിന്നും വരുന്ന എസ് .എം .എസ് കൾ
യഥാസമയം ശ്രദ്ധിക്കുക .

CHRIST COLLEGE (AUTONOMOUS) IRINJALAKUDA
Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College
Irinjalakuda

3)അപേക്ഷകർ അപേക്ഷയിലെ  സ്കോളർഷിപ്പിന്റെ പേര് , ആപ്ലിക്കേഷൻ ഐ .ഡി, പാസ്സ്‌വേർഡ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് .

4)അപേക്ഷകർക്ക് ഏതെങ്കിലും  നാഷണലൈസ്ഡ് ബാങ്കിൽ  ആക്ടീവായ  ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ് .

5) ആദ്യമായി അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ ഫോട്ടോ, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് , ബാങ്ക് പാസ് ബുക്ക് , ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ,ഫീ രസീതുകൾ,യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ്  തുടങ്ങിയവ ആവശ്യമാണ്.

6) അപേക്ഷകർ മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റാൻ പാടില്ല. ഒന്നിൽ കൂടുതൽ സ്കോളർഷിപ്പിന് വിദ്യാർത്ഥിക്ക് അർഹത ലഭിച്ചാൽ, ഏത് സ്കോളർഷിപ്പ് വേണമെന്നതു വിദ്യാർത്ഥിക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

7) സ്കോളർഷിപ്പിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്റ്റേറ്റ് നോഡൽ ഓഫീസുമായി ബന്ധപ്പെട്ടു  കെ .വൈ .സി . രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതും ഇൻസ്റ്റിട്യൂഷണൽ  നോഡൽ ഓഫീസറുടെ ആധാർ ലിങ്ക് ചെയ്ത മൊബൈൽ നമ്പർ കെ.വൈ .സി .വിവരങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ് .

8) ഇൻസ്റ്റിട്യൂഷണൽ നോഡൽ ഓഫീസർ ഓൺലൈനായി ലഭിച്ച അപേക്ഷകൾ വെരിഫൈ  ചെയ്തു അപ്രൂവ് നൽകേണ്ടതും, അപേക്ഷകൾ അതാത് ഇൻസ്റ്റിട്യൂഷനിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസർ അതാതു സ്ഥാപങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധന സമയത്തു അപാകത ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിട്യൂഷണൽ നോഡൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

9) വിദ്യാർത്ഥികൾ  സ്കോളർഷിപ്പിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുമ്പോൾ  സ്കോളർഷിപ്പിന്റെ പേര്, വിദ്യാർത്ഥിയുടെ പേര്, ആധാർ നമ്പർ , മൊബൈൽ നമ്പർ , ബാങ്ക് അക്കൗണ്ട് നമ്പർ ,പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് തുടങ്ങിയ  വിവരങ്ങൾ  തെറ്റ് വരുത്താതെ  വെബ്സൈറ്റിൽ നൽകേണ്ടതാണ് .

സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ :- 0471 2306580 , 9446096580 ,

ഇ - മെയിൽ ഐ .ഡി .: - postmatricscholarship@ gmail .com

ഒപ്പ്/-

മനോമോഹൻ കെ

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

Approval Valid

Digitally Appr...d By
മനോമോഹ... കെ
Date ...1 ... 2021
Reason: Approved

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

"ഭരണഭാഷ, മാതൃഭാഷ"

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.08.2020

ക്യു4/102148/2019/കോ.വി.വ

## അറിയിപ്പ്

സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് 2020-21 ഫ്രഷായിട്ട് അപേക്ഷിക്കാനും റിന്യൂ ചെയ്യാനും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ ഓപ്പൺ ചെയ്യുന്നത് സംബന്ധിച്ച്

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം കോളേജ്/സർവകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ http:/www.scholarships.gov.in അദ്ധ്യയന വർഷം 2020-21 അപേക്ഷിക്കാനുള്ള നിശ്ചിത തീയതികൾ താഴെ വിവരിക്കും പ്രകാരമാണ്.

സൈറ്റ് ഓപ്പൺചെയ്ത തീയതി -16-08-2020

അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി: 31-10-2010

ഇതിന്റെ അടിസ്ഥാനത്തിൽ മുൻപ് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ച ഫ്രഷ്, 2019 , 1st റിന്യൂവൽ, 2018, 2nd റിന്യൂവൽ, 2017, 3rd റിന്യൂവലും , 2016 ഉം പുതുതായി അപേക്ഷിക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31-10-2020 ആണ്. സൈറ്റിൽ വിശദവിവരങ്ങൾക്ക് അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ്ലൈൻസ് പരിശോധിക്കുക. അല്ലെങ്കിൽ സ്കോളർഷിപ്പ് പോർട്ടലിന്റെ ഹോം പേജിൽ services, Nodal Officer, Department of Higher Education (CSSS) എന്ന ലിങ്കിൽ അതാത് എഡ്യുക്കേഷൻ ബോർഡിന്റെ നോഡൽ ഓഫീസർമാരുടെ വിവരം നൽകിയിട്ടുണ്ട്.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

എൻ.ബി. ഹയർസെക്കണ്ടറി പാസായി കോളേജുകളിൽ തുടർപഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

"ഭരണഭാഷ, മാതൃഭാഷ"

ക്യു4/102148/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.08.2020

## സർക്കുലർ

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം കോളേജ്/സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് കേരള സ്റ്റേറ്റ് ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി ബോർഡുകൾ നടത്തിയ 12-ാം ക്ലാസ്സ് പരീക്ഷയിൽ 80% മാർക്കുവാങ്ങി വിജയിച്ചവരും ഏതെങ്കിലും ബിരുദ കോഴ്സിന് ഒന്നാം വർഷം പഠിക്കുന്നവരുമായിരിക്കണം അപേക്ഷകർ. ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിക്കുന്ന താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും സ്കോളർഷിപ്പനുവദിക്കുന്നത്.

**സ്കോളർഷിപ്പ് ഫ്രഷായി അപേക്ഷിക്കാനുള്ള മാനദണ്ഡം**

1). അപേക്ഷകർ യോഗ്യതാ പരിക്ഷയിൽ കുറഞ്ഞത് 80% മാർക്ക് നേടിയവരും വാർഷിക കുടുംബ വരുമാനം 8 ലക്ഷം രൂപ കവിയാത്തവരുമായിരിക്കണം.

2). അപേക്ഷകർ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സിന് പഠിക്കുന്നവരായിരിക്കണം. പ്ലസ്ടു കഴിഞ്ഞ് തുടർപഠനം നടത്തുന്നവരായിരിക്കണം.

3). മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

4). ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

5). 15% സ്കോളർഷിപ്പുകൾ എസ്.സി. വിഭാഗത്തിനും 75% സ്കോളർഷിപ്പുകൾ എസ്.ടി. വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ ഒ.ബി.സി. വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5% ഭിന്നശേഷി വിഭാഗത്തിനും നീക്കി വച്ചിരിക്കുന്നു.

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

6). അപേക്ഷകർ 18-25 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകൾ കൂടി സ്ഥാപനമേധാവിയ്ക്ക് സമർപ്പിച്ചിരിക്കണം.

1). ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

2). ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറിയുടെ മാർക്ക് ലിസ്റ്റിന്റെ അസ്സൽ പകർപ്പ്.

3). ജാതി, ശാരീരിക വൈകല്യം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (SC/ST/OBC/PH വിദ്യാർത്ഥികൾ)

4). വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനമേധാവിയിൽ നിന്നുള്ള പ്രവേശന റിപ്പോർട്ട്

2020-21 ൽ കേരളത്തിൽ അനുവദിക്കുന്ന ആകെ സ്കോളർഷിപ്പ് 2324 ആണ്. ബിരുദതലം മുതൽ (പ്രൊഫഷണൽ കോഴ്സുൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. സ്കോളർഷിപ്പ് സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ചു നൽകും. ബിരുദതലത്തിൽ പ്രതിമാസം 1000/- രൂപയും ബിരുദാനന്തര ബിരുദതലത്തിൽ പ്രതിമാസം 2000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഒന്നാം മാസം പ്രവേശനം ലഭിച്ച മാസം മുതലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

## സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് പുതുക്കുവാനുള്ള മാനദണ്ഡം

1). തൊട്ടുമുമ്പുള്ള പരീക്ഷയിൽ കുറഞ്ഞത് 50% മാർക്കുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 2-ാം വർഷം മുതൽ പുതുക്കി നൽകും.

2). 75% അറ്റൻഡൻസ് ഉണ്ടായിരിക്കണം.

വിശദവിവരങ്ങൾക്ക് താഴെ അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ്‌ലൈൻസ് പരിശോധിക്കുക. [for more informations please see the guide lines attached below]

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

Fr. Dr. Jolly Andrews
Assistant Professor
In-charge of Principal
Christ College (Autonomous)
Irinjalakuda

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

സി.എം (27/08/2020)

"ഭരണഭാഷ ,മാതൃഭാഷ"

നമ്പർ S1/ 101846/2018/കോ:വി:വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം. വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി: 19 .2.2019

## സർക്കുലർ

ആസ്പയർ സ്കോളർഷിപ്പ് 2018-19 വർഷത്തെ ആസ്പയർ സ്കോളർഷിപ്പ്
ഓൺലൈൻ ആയി അപേക്ഷിക്കാനുള്ള സൈറ്റ് വീണ്ടും തുറന്ന് തരുവാനുള്ള
നടപടികൾ സ്വീകരിക്കണമെന്ന് നിരവധി സ്ഥാപനമേധാവികൾ കത്ത്
മുഖാന്തിരവും, ഫോൺ മുഖാന്തിരവും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സൈറ്റ്
വീണ്ടും ഓപ്പൺ ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനും അപ്രൂവ്
ചെയ്യുന്നതിനുമുള്ള സമയം ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചിരിക്കുന്നു.
സ്ഥാപനമേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപ്രൂവൽ
നൽകേണ്ട അവസാന തീയതിയും 28.02.2019 ആകയാൽ സമയബന്ധിതമായി
വെരിഫൈ ചെയ്ത് അപ്രൂവ് ചെയ്യേണ്ടതാണ്. അർഹതയുള്ളവർക്ക് ലഭിക്കാതെ
വന്നാൽ അതിന്റെ ഉത്തരവാദിത്തം പൂർണമായും സ്ഥാപനമേധാവികൾക്ക്
മാത്രമായിരിക്കും എന്നു കൂടി അറിയിയ്ക്കുന്നു. സ്കോളർഷിപ്പ് തുക അനുവദിച്ച്
നൽകുന്നത് ഗവൺമെന്റ് ഉത്തരവുകൾക്ക് വിധേയമായി മാത്രമായിരിക്കും എന്നും
അറിയിയ്ക്കുന്നു.

ഒപ്പ്/-
എൻ.എസ്.മിനി.
സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

ഫയൽ നമ്പർ എ3-M15/2019 തീയതി 19-2-19
...ന്റെ പകർപ്പ് എല്ലാ ... കോളേജ്
പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി
...ക്കുന്നു.

19/2/19
Deputy Director of
Collegiate Education
Thrissur

CHRIST COLLEGE (AUTONOMOUS)
IRINJALAKUDA

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

സമുന്നതി
കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ
ഫോൺ: 0471-2311215, 6238170312 e-mail: kswcfc@gmail.com Website: www.kswcfc.org

## വിദ്യാസമുന്നതി സ്കോളർഷിപ്പ് (2020-21) - ബിരുദാനന്തര ബിരുദതലം- അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാസമുന്നതി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നള്ള മാർഗ്ഗനിർദ്ദേശങ്ങൾ:-

- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാകണം.
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ "ഡാറ്റാബാങ്കിൽ" **ഒറ്റത്തവണ മാത്രം നിർബന്ധമായി** രജിസ്റ്റർ ചെയ്യേണ്ടതും, അപ്രകാരം ലഭിക്കുന്ന രജിസ്റ്റർനമ്പർ ഉപയോഗിച്ച് സകോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
- ഡാറ്റാബാങ്ക് രജിസ്ട്രേഷൻ നമ്പർ മുൻവർഷങ്ങളിൽ ലഭിച്ചിട്ടുള്ളവർ പ്രസ്തുത നമ്പർ ഉപയോഗിച്ച് സ്കോളർഷിപ്പ് സ്കീമിന്റെ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും രണ്ട് ലക്ഷം (2,00,000/-) രൂപ കവിയാൻ പാടുള്ളതല്ല.
- അപേക്ഷകൾ ഓൺലൈനായിട്ടാണ് അയയ്ക്കേണ്ടത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അതത് സ്കീമുകൾക്കായി ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.
- ഇന്റഗ്രേറ്റഡ് കോഴ്സുകൾ (5 വർഷം) പഠിക്കുന്ന വിദ്യാർത്ഥികൾ 4, 5 വർഷങ്ങളിലെ സ്കോളർഷിപ്പിനായി പോസ്റ്റ് ഗ്രാജുവേഷൻ വിഭാഗത്തിലേക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. (+2/ തത്തുല്യ സർട്ടിഫിക്കറ്റാണ് അപ്ലോഡ് ചെയ്യേണ്ടത്).
- സ്കോളർഷിപ്പ് പുതുക്കൽ ഇല്ലാത്തതിനാൽ മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരും പുതുതായി അപേക്ഷിക്കേണ്ടതാണ്.
- സ്കോളർഷിപ്പ് ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുറഞ്ഞവരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടുമാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.

- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളു. ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും.

- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ പോലും അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളു.

- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി വരെ അപേക്ഷ തിരുത്തുന്നതിനുള്ള അവസരം ലഭിക്കും. പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

- **കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മറ്റിതര സ്കോളർഷിപ്പുകൾ/ സ്റ്റൈപന്റുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.** ഇത് സംബന്ധിച്ച് തെറ്റായ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയതായി തെളിയുന്ന പക്ഷം സ്കോളർഷിപ്പിനത്തിൽ ലഭ്യമായ തുക 15% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥി തുടർന്ന് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നു.

- ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ അപേക്ഷയുടെയും, രേഖകളുടെയും പകർപ്പുകൾ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് തപാലിൽ **അയച്ചുതരേണ്ടതില്ല.**

- സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.

- **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 20.10.2020.**

**Fr. Dr. Jolly Andrews**
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

# വിദ്യാസമുന്നതി സ്കോളർഷിപ്പ് - വിശദാംശങ്ങൾ

<table>
<tr><th colspan="2">വിദ്യാസമുന്നതി- സ്കോളർഷിപ്പ്(2020-21)</th><th>പ്രതിവർഷ സ്കോളർഷിപ്പ് തുക(2020-21)</th><th>സ്കോളർഷിപ്പുകളുടെ എണ്ണം</th><th>അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ</th><th colspan="2">അടിസ്ഥാന യോഗ്യത</th><th>അപേക്ഷയോടൊപ്പം നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ</th></tr>
<tr><td rowspan="5">ബിരുദാനന്തര ബിരുദം</td><td>പ്രൊഫഷണൽ</td><td>16,000/-</td><td>250</td><td rowspan="5">കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കേരളത്തിലെ സർക്കാർ/ എയിഡഡ്/ സ്വാശ്രയവിദ്യാഭ്യാസ റിസർച്ച് ആന്റ് സയന്റിഫിക്ക് സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, അഖിലേന്ത്യാതലത്തിലുള്ള മത്സര പരീക്ഷകൾ വഴി അഡ്മിഷൻ ലഭിക്കുന്ന കോഴ്സുകൾ.</td><td colspan="2">• അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അപേക്ഷകന് 35വയസ്സ് തികയുവാൻ പാടില്ല.<br>• ഇന്റഗ്രേറ്റഡ് കോഴ്സുകൾ ചെയ്യുന്നവർക്ക് +2 തലത്തിൽ 70% മാർക്ക് ഉണ്ടായിരിക്കണം.<br>• ബിരുദതലത്തിൽ, താഴെപ്പറയും പ്രകാരം മാർക്ക് നേടിയവർ മാത്രമേ അപേക്ഷിക്കാവൂ</td><td rowspan="5">• കോളേജ് അധികാരി യിൽ നിന്നുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം (മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്)<br>• വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).<br>• ജാതി തെളിയിക്കുന്ന രേഖ -വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്. (മറ്റുരേഖകൾ സ്വീകാര്യമല്ല).<br>• ഡിഗ്രി സർട്ടിഫിക്കറ്റ്/പ്രൊവിഷണൽ സർട്ടിഫിക്കറ്റ് (ഇന്റഗ്രേറ്റഡ് കോഴ്സുകൾ ചെയ്യുന്നവർ +2 സർട്ടിഫിക്കറ്റ്)<br>• CGPA യിൽ നിന്നും ശതമാനം കണക്കാക്കുന്നതിലേക്കുള്ളഡോക്യുമെന്റ്/കൺവേർഷൻ ടേബിൾ<br>• ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ് (അക്കൗണ്ട് നമ്പർ,IFSC,ബ്രാഞ്ച് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം).<br>• ആധാർ കാർഡ്</td></tr>
<tr><td rowspan="4">നോൺ പ്രൊഫഷണൽ</td><td rowspan="4">10,000/-</td><td rowspan="4">1960</td><td>a.സയൻസ്</td><td>60 % മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td></tr>
<tr><td>b.ആർട്ട്സ് & കോമേഴ്സ്</td><td>55% മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td></tr>
<tr><td>c. നിയമം & മാനേജ്മെന്റ്</td><td>55% മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td></tr>
<tr><td>d. മെഡിക്കൽ& ടെക്നിക്കൽ</td><td>55 % മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td></tr>
</table>

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

നം.ബി4/101384/2020/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 27/08/2020
ഫോൺ: 0471-2306580
email: postmatricscholarship@gmail.com

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2020-21 –വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് ഓപ്പൺ ചെയ്തിട്ടുള്ളത് സംബന്ധിച്ച്

സൂചന:- കേന്ദ്ര സർക്കാരിൽ നിന്നുള്ള 24-08-2020-ാം തീയതിയിലെ F.no.2-11017/2020 –SCH നമ്പർ കത്ത്.

സൂചന പ്രകാരം അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റ വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് ഓപ്പൺ ചെയ്തിട്ടുള്ളതായി അറിയിക്കുന്നു.

വിദ്യാർത്ഥികളും സ്ഥാപനമേധാവികളും വെബ്സൈറ്റിൽ നൽകിയിട്ടുള്ള ലോഗിൻ ഓപ്ഷനുകൾ ഉപയോഗിക്കേണ്ടതാണ്. സ്കോളർഷിപ്പ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന അഗപരിമിത വിദ്യാർത്ഥികളുടെ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രസർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന, 40% ൽ കുറയാതെ ഡിസ്എബിലിറ്റിയുള്ളതും പരമാവധി 2,50,000/-- രൂപയിൽ കവിയാതെ കുടുംബവാർഷിക വരുമാനമുള്ളതുമായ വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി "www.scholarships.gov.in "എന്ന വെബ്സൈറ്റിലെ (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ) മുഖാന്തിരം ഓൺലൈനായി 2020 ഒക്ടോബർ 31-ാം തീയതിക്ക് മുമ്പായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി മാനുവലായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇന്ത്യാഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റിന് കീഴിൽ Department of Empowerment of persons with Disabilities നേരിട്ട് നടപ്പിലാക്കുന്ന ഈ സ്കോളർഷിപ്പിന്റെ തുക വിതരണം ചെയ്യുന്നത് കേന്ദ്രസർക്കാരിന്റെ Public Financial Management



CHRIST COLLEGE (AUTONOMOUS) IRINJALAKUDA

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

System (PFMS) എന്ന വെബ് സൈറ്റ് മുഖാന്തിരമാണ്. സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങളും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുളള ഗൈഡ്‌ലൈൻസും താഴെ ചേർക്കുന്നു

സ്കോളർഷിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ "www.collegiateedu.kerala.gov.in" എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് എന്ന ലിങ്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9446096580, 9446780308, 0471 -230

ഇ-മെയിൽ ഐ.ഡി. postmatricscholarship@gmail.com

## അംഗപരിമിത വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ

1). സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ ആപ്ലിക്കേഷൻ ഐ.ഡി, പാസ്‌വേഡ് എന്നിവ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തശേഷം രേഖപ്പെടുത്തി കൈവശം സൂക്ഷിക്കേണ്ടതാണ്.

2). ഓൺലൈനായി അപേക്ഷിച്ച ശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റ് ഔട്ട് പഠിക്കുന്ന സ്ഥാപനത്തിൽ ഏൽപ്പിക്കേണ്ടതും സ്ഥാപന മേധാവികൾ ആയത് വെരിഫൈ ചെയ്ത് അപ്രൂവ് നൽകേണ്ടതും അപേക്ഷകൾ അതാത് ഇൻസ്റ്റിറ്റ്യൂഷൻസിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസർ അതതു സ്ഥാപനങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധന സമയത്ത് അപാകത ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിറ്റ്യൂഷൻ നോഡൽ ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതും ടിയാന്റെ അശ്രദ്ധമൂലം കുട്ടികൾക്കും സർക്കാരിനും ഉണ്ടാകുന്ന ബാധ്യതയ്ക്ക് ടിയാൾ മാത്രമായിരിക്കും ഉത്തരവാദിയെന്നുമുളള വിവരം അറിയിക്കുന്നു.

3). പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസെബിലിറ്റീസി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ മതം ബാധകമല്ല.

4). അപേക്ഷകരായ വിദ്യാർത്ഥികൾക്ക് ഒരു ദേശസാൽകൃത ബാങ്കി ആക്ടീവായിട്ടുള്ള അക്കൗണ്ട് ഉണ്ടായിരിക്കണം.

5). സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ സ്കോളർഷിപ്പിന്റെ പേര്, ബാങ്ക് അക്കൗ നമ്പർ, ആധാർ നമ്പർ തുടങ്ങിയ വിവരങ്ങൾ കൃത്യമായി ഓൺലൈനാ രേഖപ്പെടുത്തേണ്ടതാണ്.

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

Fr. Dr. Jolly Andrews
Assistant Professor-
In-charge of Principal
Christ College (Autonomous)
Irinjalakuda

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

(Constituted by Kerala State Legislature by notification No.19536/Leg.Uni.3/2007/Law Dated.Thiruvananthapuram,15th October,2007)

സയൻസ് & ടെക്നോളജി മ്യൂസിയം ക്യാമ്പസ്, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം - 695 033

Telephone: 0471 230 1297


Equity Excellence

# ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി 2020-21

## അപേക്ഷകൾ ക്ഷണിക്കുന്നു

ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഈ അക്കാദമിക് വർഷം 1000 സ്കോളർഷിപ്പുകൾ നൽകുന്നു

## സ്കോളർഷിപ്പ് തുക

| ബിരുദ പഠനത്തിന് | | ബിരുദാനന്തര ബിരുദതലത്തിൽ തുടർ പഠനത്തിന് | |
|---|---|---|---|
| ഒന്നാം വർഷം | ₹12,000 | ഒന്നാം വർഷം | ₹40,000 |
| രണ്ടാം വർഷം | ₹18,000 | രണ്ടാം വർഷം | ₹60,000 |
| മൂന്നാം വർഷം | ₹24,000 | | |

### അപേക്ഷകർ ചെയ്യേണ്ടത്

അപേക്ഷകർ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്സൈറ്റിൽ നേരിട്ട് രജിസ്റ്റർ ചെയ്യുക. (www.kshec.kerala.gov.in)

വെബ്സൈറ്റിൽ ലഭ്യമാകുന്ന ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി ഓൺലൈനായി അപേക്ഷ സമർപ്പിക്കുക.

സമർപ്പിച്ച അപേക്ഷയുടെ കോപ്പിയെടുത്ത് നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളോടൊപ്പം പഠിക്കുന്ന സ്ഥാപന മേലധികാരിക്ക് സമർപ്പിക്കുക.

തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.

കൗൺസിലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന താൽക്കാലിക സെലക്ഷൻ ലിസ്റ്റ് പരിശോധിക്കുക.

പരാതികൾ ഉണ്ടെങ്കിൽ ആയവ നിർദ്ദിഷ്ട സമയത്തിനകം സമർപ്പിക്കുക.

### ആർക്കെല്ലാം അപേക്ഷിക്കാം ?

സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ്സ് സ്റ്റഡീസ് വിഷയങ്ങളിൽ കേരളത്തിലെ ഗവൺമെന്റ് / എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കൂടാതെ, സമാനമായ കോഴ്സുകൾക്ക് ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജുകളിൽ പഠിക്കുന്ന ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളും അപേക്ഷിക്കാൻ അർഹരാണ്. അപേക്ഷകർ ഇന്ത്യൻ പൗരന്മാരായിരിക്കണം. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷിക്കേണ്ടതില്ല.

### വിവിധ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ

| | |
|---|---|
| എസ്.സി./എസ്.ടി | - 10% |
| ബി.പി.എൽ | - 10% |
| ഒ.ബി.സി | - 27% |
| ഫിസിക്കലി ചലഞ്ച്ഡ് | - 3% |
| പൊതുവിഭാഗം | - 50% |

### സ്കോളർഷിപ്പ് വിതരണം

സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ തീർപ്പ് കൽപിച്ച് സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ അന്തിമ ലിസ്റ്റ് കൗൺസിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും സ്കോളർഷിപ്പ് തുക അർഹരായവർക്ക് [illegible] കൈമാറുകയും ചെയ്യും.

### സ്കോളർഷിപ്പ് പുതുക്കൽ

ഈ വർഷം സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ വർഷങ്ങളിൽ സ്കോളർഷിപ്പ് നൽകുന്നത് അവരുടെ അക്കാദമിക് മികവ് വിലയിരുത്തിയിട്ടായിരിക്കും. ഇതിനുള്ള മാനദണ്ഡങ്ങളും സ്കോളർഷിപ്പ് നിരക്കുകളും നിശ്ചയിക്കാനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.

### അപേക്ഷിക്കാനുള്ള മിനിമം യോഗ്യതാ മാനദണ്ഡം

| | | |
|---|---|---|
| എസ്.ടി | എല്ലാ വിഷയങ്ങൾക്കും | [illegible] |
| എസ്.സി | സയൻസ്, ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് | [illegible] |
| | ബിസിനസ്സ് സ്റ്റഡീസ് | [illegible] |
| ഫിസിക്കലി ചലഞ്ച്ഡ് | എല്ലാ വിഷയങ്ങൾക്കും | [illegible] |
| ബി.പി.എൽ, ഒ.ബി.സി | സയൻസ് | [illegible] |
| | ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് | [illegible] |
| | ബിസിനസ്സ് സ്റ്റഡീസ് | 65% |
| പൊതുവിഭാഗം | സയൻസ് & ബിസിനസ്സ് സ്റ്റഡീസ് | 75% |
| | ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസ് | 60% |

**അപേക്ഷ ഓൺലൈനായി സമർപ്പിക്കാനുള്ള സമയം**

Fr. Dr. Jolly Andrews
Assistant Professor
In-charge of Principal
Christ College (Autonomous)
Irinjalakuda

CHRIST COLLEGE (AUTONOMOUS) IRINJALAKUDA

-ഒപ്പ്-
രജിസ്ട്രാർ